LIBRARY ARCHIVES Kerala Legislative Assembly

ഫാക്ട് പൊതുമേഖലയിൽ നിലനിർത്താൻ നടപടി

*22 [112] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ട് പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന തീരുമാനങ്ങൾ വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇതുസംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) ഫാക്ട് പൊതുമേഖലയിൽ നിലനിർത്തുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയും കേന്ദ്ര രാസവള വകുപ്പു മന്ത്രിയുമായി ചർച്ച നടത്തി ചില കാര്യങ്ങളിൽ ധാരണയിലെത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ വ്യവസായവകുപ്പിന് ആധികാരികമായി ലഭിച്ചിട്ടില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

*23 [113] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം തൊഴിൽ രഹിതരായിട്ടുള്ളവർക്ക് എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരിൽ നിന്നും താത്കാലിക നിയമനം ലഭിക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം III കാണുക

അനുബന്ധം III

[1-7-2004-ലെ 22 (*112)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

സ്റ്റേറ്റ്മെന്റ്

ഫാക്ടിന്റെ 51 ശതമാനം ഓഹരികൾ വിൽക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ സംസ്ഥാന മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്കും കേന്ദ്ര ഡിസ് ഇൻവെസ്റ്റ്മെന്റ് മന്ത്രി ശ്രീ. അരുൺഷൂറിയ്ക്കും സംസ്ഥാന സർക്കാരിന്റെയും ഫാക്ട് തൊഴിലാളികളുടെയും ആശങ്ക അറിയിച്ചുകൊണ്ട് കത്തുകൾ അയച്ചിരുന്നു.

പ്രസ്തുത കത്തുകൾക്ക് മറുപടിയായി, എഫ്. എ. സി. റ്റി.-യുടെ 51 ശതമാനം ഡിസ് ഇൻവെസ്റ്റ് ചെയ്യാനുള്ള ഡിസ് ഇൻവെസ്റ്റ്മെന്റ് കമ്മീഷന്റെ ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും തൊഴിലാളികളുടെയും സംസ്ഥാന സർക്കാരിന്റെയും താൽപ്പര്യങ്ങളും നിർദ്ദേശങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം സ്വീകരിക്കുകയുള്ളൂവെന്ന് കേന്ദ്ര മന്ത്രി ശ്രീ. അരുൺഷൂറി അറിയിച്ചിരുന്നു. ഇക്കാര്യത്തിലുള്ള പുരോഗതി സമയാസമയങ്ങളിൽ അറിയിക്കുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

തുടർന്ന് ഈ സ്ഥാപനത്തെ സംരക്ഷിച്ചു നിലനിറുത്തുന്നത് സംബന്ധിച്ച് ഇന്ത്യയിലെ രാസവള നിർമ്മാണ രംഗത്തെ ഏറ്റവും വലിയ സഹകരണ സ്ഥാപനമായ ഇഫ്കോയുടെ പ്രതിനിധികളുമായി ബഹു. മുഖ്യമന്ത്രി, സഹകരണവകുപ്പുമന്ത്രി എന്നിവർ പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. സഹകരണ മേഖലയിൽ ഈ സ്ഥാപനത്തെ കൊണ്ടുവരുന്നതിന് ഇഫ്കോ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും അതിന് എല്ലാവിധ സഹായസഹകരണങ്ങളും സംസ്ഥാന സർക്കാർ നൽകുന്നതാണ് എന്ന് അറിയിച്ചുകൊണ്ടും ബഹു. മുഖ്യമന്ത്രി ഇഫ്കോ ചെയർമാൻ ശ്രീ. ശ്രീനിവാസ ഗൗഡയ്ക്ക് കത്ത് എഴുതിയിരുന്നു. ഇക്കാര്യത്തിൽ ഇഫ്കോ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാരിനെയും അറിയിച്ചിട്ടുണ്ട്.

കൂടാതെ എഫ്. എ. സി. റ്റി.-യുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാർ ചില ഇളവുകളും സഹായങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനോടൊപ്പം സംസ്ഥാന സർക്കാരും ചില ഇളവുകൾ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ തലത്തിലും മുഖ്യമന്ത്രിയുടെ തലത്തിലും നടത്തിയ വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ അവയിൽ ചിലതിനെ സംബന്ധിച്ച് തീരുമാനങ്ങൾ ഇതിനകം എടുത്തുകഴിഞ്ഞിട്ടുള്ളതാണ്.

പുതിയ സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനെതുടർന്ന് ഇക്കാര്യം കേന്ദ്ര രാസവള വകുപ്പു മന്ത്രിയുമായി സംസ്ഥാന മുഖ്യമന്ത്രി വീണ്ടും ചർച്ച നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly